# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2950 13/07/2015-ൽ മറുപടിയ്ക്ക്**

## വനാമി ചെമ്മീൻ കൃഷി

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത വനാമി എന്ന ഇനം ചെമ്മീൻ കൃഷി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രാഥമികമായി പ്രസ്തുത ചെമ്മീൻ കൃഷി നടത്തിയതെന്നുള്ള വിശദാംശം അറിയിക്കമോ ; | (ബി) കേരളത്തിൽ എറണാകുളം ജില്ലയിൽ KUFOS -ന്റെ നിയന്ത്രണത്തിലുള്ള പുതു വൈപ്പിനിലുള്ള ഫിഷറീസ് സ്റ്റേഷനിൽ 0.4 ഹെക്ടർ സ്ഥലത്ത് വനാമി ചെമ്മീൻ കൃഷി ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ അഡാക്ക് മുഖേന തൃശ്ശൂർ ജില്ലയിലുള്ള പൊയ്യ ഫാമിൽ 2 ഹെക്ടർ സ്ഥലത്ത് വനാമി ചെമ്മീൻ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) നിലവിൽ കൃഷി ചെയ്തു വരുന്ന ചെമ്മീൻ ഇനങ്ങളിൽ നിന്നും വനാമി ചെമ്മീനിനുള്ള പ്രത്യേക ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്ന് വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) വനാമി ചെമ്മീൻ കൃഷിയുടെ ഗുണങ്ങൾ ചുവടെ ചേർക്കുന്നു.<br>1) താരതമ്യേന ഉയർന്ന വളർച്ചാ നിരക്കും ഉയർന്ന കയറ്റുമതി സാദ്ധ്യതയും. കമ്പോളത്തിൽ നല്ല പ്രിയ വുമുള്ളതിനാൽ ഉയർന്ന വില ലഭിക്കുന്നു.<br>2) കടൽ ജലത്തിലും ഉപ്പിന്റെ അംശം നന്നേ കുറഞ്ഞ ഉൾനാടൻ പ്രദേശങ്ങളിലും കൃഷി ചെയ്യാം.<br>3) താരതമ്യേന വളരെ ഉയർന്ന സാന്ദ്രതയിൽ (stocking density) ഉയർന്ന അതിജീവനനിരക്ക് ലഭിക്കുന്നു.ആയതിനാൽ കുറഞ്ഞ വിസ്തൃതിയിൽ നിന്നും വളരെ ഉയർന്ന ഉത്പാദനം സാദ്ധ്യമാണ്.<br>4) എല്ലാ കാലയളവിലും വിത്ത് ലഭ്യമാണ്. ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയ പ്രത്യേക രോഗവിമുക്ത വിത്ത് (Specific Pathogen Free Seed) ലഭ്യമാണ്. |
| (ഡി) വനാമി ചെമ്മീൻ കൃഷി നടത്തുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത്; ഇതിന് പ്രത്യേക ലൈസൻസ് ആവശ്യമുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾഎന്തൊക്കെയാണ് ; | (ഡി) വനാമി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന ഫാം കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റിയിൽ (CAA) രജിസ്റ്റർ ചെയ്യേണ്ടതും ലൈസൻസ് ലഭിച്ചിരിക്കേണ്ടതുമാണ്. രോഗ വിമുക്ത വനാമി വിത്തുകൾ CAA യുടെ അനുവാദത്തോടു കൂടി ലഭ്യമാക്കേണ്ടതാണ്. വനാമി കൃഷി ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | കുളങ്ങളിൽ നിന്നുള്ള ജലം പുറത്തേക്ക് നദികളിലോ മറ്റ് ജലാശയങ്ങളിലേക്കോ തുറന്നുവിടുന്നതിന് മുമ്പായി ശുദ്ധീകരിക്കേണ്ട തുണ്ട്. അതിനായി എഫ്ളുവന്റ് ട്രീറ്റ്മെന്റ് പോണ്ടുകൾ സജ്ജീകരിക്കേണ്ട തുണ്ട്.അതുപോലെ റിസർവ്വോയർ കുളങ്ങളും ആവശ്യമാണ്. തദ്ദേശീയ ഇനത്തിൽപ്പെട്ട ചെമ്മീൻ (ഉദാ: കാരച്ചെമ്മീൻ) കൃഷി യൂണിറ്റുകൾ തൊട്ടടുത്ത് പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ വനാമി ചെമ്മീൻ കൃഷി ചെയ്യാൻ പാടില്ല. വനാമി കൃഷി ചെയ്യുന്ന ഫാമുകൾ ഫെൻസിംഗ് ചെയ്യേണ്ട താണ്. പക്ഷികൾ ഫാമിൽ കടക്കാതിരിക്കാൻ വലയിടേണ്ട താണ്. ഓരോ കുളത്തിനും പ്രത്യേകം ഫാമിംഗ് ഉപകരണങ്ങൾ ഉപയോഗിക്കേണ്ട താണ്. |
| (ഇ) | പ്രസ്തുത ചെമ്മീൻ കൃഷി സംസ്ഥാനത്ത് വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | അഡാക്കിന്റെ പൊയ്യാ ഫാമിൽ 2 ഹെക്ടർ വിസ്തൃതിയിൽ വനാമി ചെമ്മീൻ കൃഷി പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിളവെടുപ്പ് കഴിഞ്ഞ് ലാഭവിഹിതം കണക്കാക്കിയാൽ മാത്രമേ ടി കൃഷി വ്യാപകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ |

സെക്ഷൻ ആഫീസർ